പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1292 | 31/10/2019-ൽ മറുപടിക്ക്

## കെ-ടെറ്റ് പരീക്ഷകൾക്ക് അപേക്ഷകളിൽ തെറ്റുകൾ തിരുത്താൻ നടപടി

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി: | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) വിവിധ കാറ്റഗറികളിൽ കെ-ടെറ്റ് പരീക്ഷകൾക്ക് ഓൺലൈനായി അപേക്ഷിക്കുന്ന പരീക്ഷാർത്ഥികൾക്ക് അപേക്ഷകളിൽ വരുന്ന തെറ്റുകൾ തിരുത്താൻ അവസരം ഇല്ലാത്തതിനാൽ അവസര നഷ്ടവും ധനനഷ്ടവും ഉണ്ടാകുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ: | (എ) കെ-ടെറ്റ് അപേക്ഷ സബ്മിറ്റ് ചെയ്യുന്നതിന് മുമ്പായി അപേക്ഷകന് view ചെയ്യാനും Print എടുക്കാനും ആവശ്യമെങ്കിൽ Edit ചെയ്യാനും അവസരമുണ്ട്. എന്നാൽ അപേക്ഷ Final Submit ചെയ്ത് കഴിഞ്ഞാൽ പേര്, ജാതി, കാറ്റഗറി വിഭാഗം, വിഷയം എന്നിവയിൽ ഒന്നും തന്നെ തിരുത്തലുകൾ അനുവദിക്കുന്നതല്ല. കാറ്റഗറി III ലെ വിഷയം തെരഞ്ഞെടുക്കുന്നതിലെ തെറ്റ് ഒഴികെ മറ്റുള്ള തെറ്റുകൾ സംഭവിക്കുന്നത് മൂലം പരീക്ഷാർത്ഥിക്ക് പരീക്ഷയെഴുതുന്നതിനുള്ള അവസരം നഷ്ടമാകുന്നില്ല. പരീക്ഷ വിജയിക്കുന്നവർക്ക് പേര്, ജനനത്തീയതി, ജാതി എന്നിവ പിന്നീട് തിരുത്തി നൽകുന്നുണ്ട്. |
| (ബി) ഒന്നിലധികം കാറ്റഗറികൾക്ക് അപേക്ഷിക്കാൻ ഉദ്ദേശിക്കുന്ന ഒരു പരീക്ഷാർത്ഥി അപേക്ഷ സമർപ്പിക്കുമ്പോൾ ഒരു കാറ്റഗറിക്ക് മാത്രം അപേക്ഷ സമർപ്പിച്ചാൽ പിന്നീട് മറ്റൊരു കാറ്റഗറിക്ക് അപേക്ഷിക്കാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ടോ; | (ബി) ഒന്നിലധികം കാറ്റഗറികളിൽ അപേക്ഷിക്കുന്നവർക്ക് ഒരു അപേക്ഷയിൽ തന്നെ അവ തെരഞ്ഞെടുക്കണമെന്നുള്ള നിർദ്ദേശം വിജ്ഞാപനത്തിലും, ഓൺലൈനായി അപേക്ഷിക്കാനുള്ള ലിങ്കിലും വ്യക്തമായി നൽകിയിട്ടുണ്ട്. ഒരാൾ തന്നെ ഒന്നിലധികം അപേക്ഷകൾ നൽകുമ്പോൾ ഒരേ ദിവസം നടക്കുന്ന പരീക്ഷകൾക്ക് തന്നെ രണ്ട് പരീക്ഷാകേന്ദ്രം പരീക്ഷാർത്ഥിക്ക് ലഭിക്കുന്ന സാഹചര്യം ഉണ്ടാകും. ഇത് പലതരത്തിലുള്ള ബുദ്ധിമുട്ടുകൾക്ക് |

ഇടയാക്കും. ഈ സാഹചര്യം ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഒരു പരീക്ഷാർത്ഥി ഒന്നിൽ കൂടുതൽ കാറ്റഗറികൾക്ക് ഒരു തവണ മാത്രമേ അപേക്ഷിക്കാൻ പാടുള്ളൂ എന്ന് നിശ്ചയിച്ചിരിക്കുന്നത്.

| | | | |
|---|---|---|---|
| (സി) | ഇന്റർനെറ്റ് കഫേകൾ വഴിയും അക്ഷയ സെന്ററുകൾ വഴിയും മറ്റും അപേക്ഷ സമർപ്പിക്കുമ്പോൾ കാറ്റഗറിയോ മറ്റെന്തെങ്കിലും പ്രസക്ത വിവരങ്ങളോ തെറ്റായി രേഖപ്പെടുത്തിയാൽ ആയത് എഡിറ്റ് ചെയ്യാൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിക്കുള്ളിൽ അവസരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഭരണപരമായ അസൗകര്യങ്ങൾക്ക് കാരണമാകുമെന്നതിനാൽ ഉപചോദ്യം (എ) യ്ക്ക് നൽകിയ മറുപടിയിൽ സൂചിപ്പിച്ച പ്രകാരം Final Submit ചെയ്തു കഴിഞ്ഞാൽ തിരുത്തൽ വരുത്താൻ മറ്റൊരവസരം നൽകുന്ന കാര്യം തല്ക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ